ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

(ISO- 9001- 2015)



ദുരന്ത നിവാരണ പദ്ധതിരേഖ

2025–26

ശ്രീകൃഷ്ണപുരം ബ്ലോക്ക്

ഒറ്റപ്പാലം താലൂക്ക്

പാലക്കാട് ജില്ല

എഡിറ്റോറിയൽ ബോർഡ്

ശ്രീമതി. സി.രാജിക	– പ്രസിഡന്റ്
ശ്രീ. എം.സുകുമാരൻ	– വൈസ് പ്രസിഡന്റ്
ശ്രീമതി. എം.ഗിരിജ	– ചെയർമാൻ വികസനകാര്യം
ശ്രീ. സി.ഹരിദാസൻ	– ചെയർപേഴ്സൺ, ക്ഷേമകാര്യം
ശ്രീമതി. സുമതി	– ചെയർമാൻ, ആരോഗ്യ– വിദ്യാഭ്യാസം
ശ്രീ. എം.കെ.ദ്വാരകാനാഥൻ	– വാർഡ്മെമ്പർ
ശ്രീ. കെ.കോയ	– വാർഡ്മെമ്പർ
ശ്രീമതി. കെ.കെ.ലിനി	– വാർഡ്മെമ്പർ
ശ്രീമതി. ലീല	– വാർഡ്മെമ്പർ
ശ്രീമതി. രാജശ്രീ	– വാർഡ്മെമ്പർ
ശ്രീമതി. സി. ജയശ്രീ	– വാർഡ്മെമ്പർ
ശ്രീമതി. ജയശ്രീ	– വാർഡ്മെമ്പർ
ശ്രീമതി. പ്രിയ	– വാർഡ്മെമ്പർ
ശ്രീമതി. ഉഷാകുമാരി	– വാർഡ്മെമ്പർ
ശ്രീ. പ്രദീപ്	– വാർഡ്മെമ്പർ
ശ്രീ. എസ്. സജി	– സെക്രട്ടറി
ശ്രീ. സന്തോഷ്	– അസി. സെക്രട്ടറി
ശ്രീമതി. രാജേശ്വരി	– സീനിയർ ക്ലാർക്ക്

നന്ദി

അഗ്രികൾച്ചർ ഓഫീസർ
വെറ്റനറി സർജൻ
അസിസ്റ്റന്റ് എഞ്ചിനീയർ **NREGS**
സി.ഡി.എസ്. ചെയർപേഴ്സൺ
അസി. എഞ്ചിനീയർ
താലൂക്ക് സപ്ലൈ ഓഫീസർ, ഒറ്റപ്പാലം
മെഡിക്കൽ ഓഫീസർ **FHC,** ശ്രീകൃഷ്ണപുരം
മെഡിക്കൽ ഓഫീസർ,ഹോമിയോ
മെഡിക്കൽ ഓഫീസർ, ആയുർവ്വേദം
ICDS ഓഫീസർ
കൺവീനർ പി.ഇ.സി.
അസിസ്റ്റന്റ് എഞ്ചിനീയർ, **LSGD**
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,
അക്കൗണ്ടന്റ് മറ്റ് സ്റ്റാഫുകൾ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

പ്രത്യേക നന്ദി

ശ്രീ. എം.കെ.ദ്വാരകാനാഥ്

പ്രിന്റിംഗ്

ക്രിയേറ്റീവ് ഓഫ്സെറ്റ് പ്രസ്, കടമ്പഴിപ്പുറം



‘ഏറ്റവും അടിത്തട്ടിലുള്ളവർക്ക്
പോലും ഇതെന്റെ നാടാണെന്നും
ഇതിന്റെ നിർമ്മിതിയിൽ എനിക്കും
പങ്കുണ്ടെന്നും ബോധ്യമാവണം’
അതാണ് സ്വരാജിലേയ്ക്കുള്ള വഴി

- ഗാന്ധിജി -

സമർപ്പണം

കേരളത്തിലെ ധന്യമുഹൂർത്ത പദ്ധതിയാണ് 9-ാം പഞ്ചവത്സരപദ്ധതി. അതിനുശേഷം നമ്മുടെ സംസ്ഥാനത്ത് വന്നിട്ടുള്ള മാറ്റങ്ങൾ നാം ഓർക്കുമല്ലോ? 2018-19ൽ കേരളത്തെ നടുക്കിയ പ്രളയ ദുരത്തിന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ ഗ്രാമസഭകളിൽ നിന്നും അനുഭവസമ്പന്നരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ ഒരു നേർചിത്രമാണ് പഞ്ചായത്തിന്റെ ദുരന്തനിവാരണ പദ്ധതി. ഇക്കഴിഞ്ഞ പ്രളയദുരന്തം നമ്മുടെ പഞ്ചായത്തിനെ ബാധിക്കാത്തത് ഭാഗ്യമായി കാണുന്നു. ദുരന്തത്തിൽ അകപ്പെട്ട മറ്റു ജില്ലകളിലെ ജനങ്ങളെ നമുക്ക് നല്ല രീതിയിൽ സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തുമായി സഹകരിച്ച എല്ലാ നാട്ടുകാർക്കും പ്രത്യേകിച്ച് വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, ജനപ്രതിനിധികൾ, വ്യാപാരിവ്യവസായി സുഹൃത്തുക്കൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവർക്ക് പ്രത്യേക നന്ദിയും ഈ അവസരത്തിൽ അറിയിക്കുന്നു. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, പഞ്ചായത്തിന്റെ 14 വാർഡുകളും സഞ്ചരിച്ച് പഞ്ചായത്തിന്റെ ഭൂപ്രകൃതി, ദുരന്ത സാധ്യത പ്രദേശങ്ങൾ എന്നിവയിൽ നിന്നും ആവശ്യമായ വിവരശേഖരണം നടത്തിയിട്ടുണ്ട്. വിവിധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ, മുതിർന്ന പൗരന്മാർ എന്നിവരുടെ അറിവുകളുടെ ഒരു ക്രോഡീകരണം കൂടിയാണ് ഈ പദ്ധതിരേഖ. ഇത്നമ്മുടെ പഞ്ചായത്തിന്റെ ഒരു പഠന രേഖയാണ് എന്ന് അറിയിച്ചുകൊള്ളട്ടെ. സമഗ്രമായ ചർച്ച യിലൂടെ ഇത് പൂർണ്ണമാക്കുവാൻ സവിനയം സമർപ്പിക്കുന്നു.

സ്നേഹാദരവോടെ,

സി.രാജിക
പ്രസിഡന്റ്
ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

ശ്രീകൃഷ്ണപുരം
07/05/2025

ഉള്ളടക്കം

ക്രമ നമ്പർ	വിശദാംശങ്ങൾ	പേജ് നമ്പർ
1.	മുഖമൊഴി	
2.	അദ്ധ്യായം – 1 : ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് പൊതു വിവരങ്ങൾ	
3.	അദ്ധ്യായം – 2 : ദുരന്തങ്ങളും ദുരന്തസാധ്യതകളും–വിശകലനം	
4.	അദ്ധ്യായം – 3 : ദുരന്ത പ്രതികരണ ആസൂത്രണരേഖ (റെസ്പോൺസ് പ്ലാൻ)	
5.	അദ്ധ്യായം – 4 : മുന്നൊരുക്കങ്ങൾ, ലഘൂകരണ പ്രവർത്തനങ്ങൾ സാമൂഹ്യ ശാക്തീകരണ നടപടികൾ	
6.	അദ്ധ്യായം – 5 : ശേഷികളും വിഭവങ്ങളും	
7.	അദ്ധ്യായം – 6 : പ്രധാന ഫോൺ നമ്പറുകൾ	
8.	അദ്ധ്യായം – 7 : അനുബന്ധങ്ങൾ	

മുഖമൊഴി

ഐക്യകേരള പിറവിക്കുശേഷം സാക്ഷര കേരളം ശതാബ്ദങ്ങളായി കാത്തിരുന്ന ഒന്നാണ് പഞ്ചായത്ത് രാജ് സംവിധാനം. ഇതിന്റെ ഫലമായി ത്രിതല ഭരണസംവിധാനം കേരളത്തിൽ നിലവിൽ വരികയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെയും, സ്ത്രീ ശാക്തീകരണത്തിലൂടെയും കാർഷിക മേഖല ഉൾപ്പടെ വിവിധ മേഖലകളിൽ പുതുജീവൻ പകർന്നുകൊണ്ട് അഭിമാനാർഹമായ നേട്ടം കൈവരിച്ച് മുന്നോട്ടുനീങ്ങുന്ന അവസരത്തിലാണല്ലോ 2018ലും 2019ലും രണ്ട്മഹാപ്രളയങ്ങൾ വന്ന് എല്ലാം തകർന്നെറിഞ്ഞതെന്ന് നാം ഓർക്കണം. എന്നാൽ നമ്മുടെ കേരളം ആ മഹാ പ്രളയം ധൈര്യമായി നേരിട്ടു. പ്രളയാനന്തര കേരളം പുനർനിർമ്മാണ വികസന പരിപാടിയുടെ നയരേഖ തയ്യാറാക്കുമ്പോൾ ഇനിയൊരു പ്രളയം വന്നാൽ എന്തുചെയ്യും എന്ന ചോദ്യത്തിന് ഉത്തരമായാണ് ബഹുമാനപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ മുന്നോട്ടുവെച്ചിട്ടുള്ളത്. ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ ഭരണസമിതിയും സ്റ്റിയറിംഗ് കമ്മിറ്റിയും ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പും ഇക്കാര്യങ്ങൾ ഗൗരവമായി പരിശോധിച്ചിട്ടുണ്ട്. വിവിധ മേഖലയിൽ ഉള്ളവർക്ക് 4 ഘട്ടങ്ങളായി കിലയുടെ നേതൃത്വത്തിൽ പരിശീലനം നൽകുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഗ്രാമസഭകളിൽ നിന്നും മുതിർന്ന പൗരന്മാരിൽ നിന്നും, വാർഡ് തല കൂട്ടായ്മകളിൽ നിന്നും ജനകീയാസൂത്രണ മാതൃകയിൽ വിവരശേഖരണം നടത്തി തയ്യാറാക്കിയതാണീ ദുരന്തനിവാരണ പദ്ധതി രേഖ. ദുരന്ത സാധ്യതകൾ ഇല്ലായെങ്കിലും ചില പ്രദേശങ്ങളിൽ മുൻകരുതൽ എടുക്കുവാൻ ഈ രേഖ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. ഈ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ദിവസങ്ങളോളം രാപ്പകൽ മറന്ന് സഹകരിച്ച എല്ലാ ജനപ്രതിനിധികളെയും, സന്നദ്ധ പ്രവർത്തകരെയും വിവിധ മേഖലയിലെ ഉദ്യോഗസ്ഥരെയും ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു. പദ്ധതിരേഖ ഈ പ്രത്യേക സെമിനാറിൽ പങ്കെടുക്കുന്ന വിശിഷ്ട വ്യക്തികൾ ചർച്ചചെയ്ത് പൂർണ്ണരൂപത്തിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീകൃഷ്ണപുരം
7.05.2025

എസ്. സജി.
സെക്രട്ടറി,
ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

അദ്ധ്യായം- 1
ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

റവന്യൂ വില്ലേജ്	: ശ്രീകൃഷ്ണപുരം **I, II**
ബ്ലോക്ക്	: ശ്രീകൃഷ്ണപുരം
ബ്ലോക്ക് ഡിവിഷനുകൾ	: മണ്ണമ്പറ്റ, ശ്രീകൃഷ്ണപുരം
താലൂക്ക്	: ഒറ്റപ്പാലം
ജില്ല	: പാലക്കാട്
ജില്ലാപഞ്ചായത്ത് ഡിവിഷൻ	: കടമ്പഴിപ്പുറം, ശ്രീകൃഷ്ണപുരം
നിയമസഭാമണ്ഡലം	: ഒറ്റപ്പാലം
പാർലമെന്റ് മണ്ഡലം	: പാലക്കാട്.
വിസ്തീർണ്ണം	: 29.6 കീ.മി
ജനസംഖ്യ	: 23550 (2011 ലെ സെൻസസ് പ്രകാരം)
ആകെ വാർഡുകൾ	: 14
നിയമസഭാ അംഗം	: ശ്രീ. കെ.പ്രേംകുമാർ
പാർലമെന്റ് അംഗം	: ശ്രീ. വി.കെ.ശ്രീകണ്ഠൻ
ജില്ലാപഞ്ചായത്ത് അംഗം	: കെ.ശ്രീധരൻമാസ്റ്റർ
ബ്ലോക്ക് മെമ്പർമാർ	: മണ്ണമ്പറ്റ : വി.കെ. രാധിക
	: ശ്രീകൃഷ്ണപുരം : എം. സെയ്താലി
	: സി. പത്മപ്രിയ, എസ്. അജിത്കുമാർ
വാർഡ് മെമ്പർ	: ശ്രീമതി. എം.ഗിരിജ - ഒന്നാംവാർഡ് മെമ്പർ
	: ശ്രീമതി. സുമതി - രണ്ടാം വാർഡ് മെമ്പർ
	: ശ്രീ. എം.കെ.ദ്വാരകാനാഥൻ- മൂന്നാംവാർഡ് മെമ്പർ
	: ശ്രീ. കെ.കോയ- നാലാംവാർഡ് മെമ്പർ
	: ശ്രീ. സി.ഹരിദാസൻ- അഞ്ചാംവാർഡ് മെമ്പർ
	: ശ്രീമതി. കെ.കെ.ലിനി- ആറാംവാർഡ് മെമ്പർ
	: ശ്രീമതി. കെ.ലീല- ഏഴാംവാർഡ് മെമ്പർ
	: ശ്രീമതി. സി.രാജിക - എട്ടാംവാർഡ് മെമ്പർ
	: ശ്രീമതി. എസ്.രാജശ്രീ- ഒൻപതാം വാർഡ് മെമ്പർ
	: ശ്രീമതി. സി.ജയശ്രീ- പത്താം വാർഡ് മെമ്പർ
	: ശ്രീമതി. പി.പ്രിയ- പതിനൊന്നാം വാർഡ് മെമ്പർ
	: ശ്രീമതി. എം.ഉഷാകുമാരി- പന്ത്രണ്ടാം വാർഡ് മെമ്പർ
	: ശ്രീ. എം.കെ.പ്രദീപ്- പതിമൂന്നാം വാർഡ് മെമ്പർ
	: ശ്രീ. എം.സുകുമാരൻ- പതിനാലാം വാർഡ് മെമ്പർ

ഭൂപ്രകൃതി

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ ശ്രീകൃഷ്ണപുരം ബ്ലോക്കിലാണ് ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ഈ പഞ്ചായത്തിന് 29.6 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ട്. ഈ പഞ്ചായത്തിന്റെ അതിരുകൾ വടക്കുഭാഗത്ത് കരിമ്പുഴ പുഴയും, കിഴക്കുഭാഗത്ത് കടമ്പഴിപ്പുറം പഞ്ചായത്തും തെക്കുഭാഗത്ത് പൂക്കോട്ടുകാവ്, കടമ്പഴിപ്പുറം പഞ്ചായത്തുകളും,പടിഞ്ഞാറ് ഭാഗത്ത് വെള്ളിനേഴി പഞ്ചായത്തുമാണ്. പാലക്കാട് ജില്ലയുടെ വടക്കു പടിഞ്ഞാറായും, ഒറ്റപ്പാലം താലൂക്കിന്റെ വടക്കു കിഴക്കു ഭാഗത്തായും നിമ്നോന്നതമായി കിടക്കുന്ന ഭൂവിഭാഗമാണ് ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്. കല്ലടിക്കോടൻ മലയിൽ നിന്നുത്ഭവിച്ച് പൊന്നാനിക്കു സമീപത്ത്വെച്ച് ഭാരതപ്പുഴയിൽ ചേരുന്ന ജല സമൃദ്ധമായ കുന്തിപ്പുഴ, കരിമ്പുഴ പുഴയെന്ന പേരിൽ ഈ പഞ്ചായത്തിന് വടക്ക് 9 കീ.മി ദൂരം അതിർത്തിയായി ഒഴുകുന്നു. സമുദ്ര നിരപ്പിൽനിന്ന് 110 മീറ്റർ ഉയരമുള്ള മരുങ്ങോടൻ മലയാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം. ഭൂപ്രകൃതി അനുസരിച്ച് ശ്രീകൃഷ്ണപുരം പഞ്ചായത്തിനെ ഉയർന്ന കുന്നുകൾ, ചെറു ചെരിവ്, ഇടത്തരം ചെരിവ്, സമതലം, തീരസമതലം എന്നിങ്ങനെ അഞ്ച് മേഖല കളാക്കി തിരിക്കാം. പാലക്കാടൻ കാലാവസ്ഥ മേഖലയിൽ ഉൾപ്പെടുന്ന ഈ പഞ്ചായത്ത് ഭൂപ്രകൃതിപരമായി മലനാടിൽ സ്ഥിതി ചെയ്യുന്നു. പാണ്ഡവന്മാർ നീരാട്ടി നിറങ്ങിയതെന്ന് ഐതിഹ്യമുള്ളതാണ് കുന്തിപ്പുഴ. പഴയ കാലത്ത് ശ്രീകൃഷ്ണപുരം, ഈശ്വര മംഗലം, വലമ്പിലിമംഗലം, പെരുമാങ്ങോട് എന്നീ നാല് ദേശങ്ങൾ അടങ്ങിയതായിരുന്നു ശ്രീകൃഷ്ണപുരം അംശം. ഈ അംശത്തിലെ പ്രധാന ക്ഷേത്രം ശ്രീകൃഷ്ണ ക്ഷേത്രമായിരുന്നു. ഈ ക്ഷേത്രവുമായി ബന്ധപ്പെട്ടായിരിക്കാം. ഈ പ്രദേശം ശ്രീകൃഷ്ണപുരം എന്നറിയപ്പെട്ടത്.

മൺതരങ്ങൾ

പാറക്കെട്ടുകൾ	- 3%
പാറപൊടിഞ്ഞ മണ്ണ്	- 17%
ലാറ്ററൈറ്റ്	- 55%
ചുവപ്പ് കലർന്ന ലാറ്ററൈറ്റ്	- 20 %
കളിമണ്ണ് കലർന്ന മണൽ	- 5%

ഉയർന്ന പാറക്കെട്ടുകളോടു കൂടിയ പ്രദേശം

മൊത്തം വിസ്തൃതിയുടെ 3% വരുന്ന ഈ പ്രദേശങ്ങൾ പഞ്ചായത്തിലെ ഏറ്റവും ഉയംകൂടിയ പ്രദേശമാണ്. ഇതിൽ വലമ്പിലിമംഗലം,മംഗലാംകുന്ന് വി.ടി.ബി.പരിസരം എന്നിവയിലുൾപ്പെടും

ചരിഞ്ഞപ്രദേശം

മൊത്തം വിസ്തൃതിയുടെ 20%ത്തോളം വരുന്ന ഈ പ്രദേശത്ത് പാറപൊടിഞ്ഞ മണ്ണും ചരലോടുകൂടിയ ലാറ്ററൈറ്റ് മണ്ണുമാണ് ഉള്ളത്. ചാത്തൻകുന്ന്, പുന്നാംപറമ്പ്, പുഞ്ചപ്പാടം, വലമ്പിലി മംഗലം, പ്രദേശങ്ങൾ ഉൾപ്പെടുന്ന ഈ പ്രദേശങ്ങളിൽ പ്രധാനമായും റബ്ബർ, അതോടൊപ്പം പ്രാധാന്യം കൊടുത്തു കൊ് തെങ്ങും മരച്ചീനിയും കൃഷി ചെയ്യുന്നു.

സമതല പ്രദേശം

മൊത്തം വിസ്തൃതിയുടെ 55%ത്തോളം വരുന്ന രാഗംകോർണർ,ചന്തപ്പുര, പെരുമാങ്ങോട്, ഈശ്വരമംഗലം, മണ്ണമ്പറ്റ, കുളക്കാട്ടുകുറുശ്ശി പ്രദേശങ്ങൾ ഉൾപ്പെടുന്നു. പഞ്ചായത്തിൽ സ്ഥിരമായി നെല്ല് കൃഷി ചെയ്യുന്ന 14 പാടശേഖരങ്ങൾ ഈ സമതല പ്രദേശത്തു്. ഈ പ്രദേശത്ത് നിലവിൽ നെൽകൃഷി വിസ്തൃതി കുറഞ്ഞ പരിസരമാണ്. പകരം വാഴയും മറ്റു വിളകൃഷിയിലേക്കും മാറിക്കൊിരിക്കുന്നു.

പീഠഭൂമി

മൊത്തം വിസ്തൃതിയുടെ 2%ത്തോളം വരുന്നു. ഇതിൽ മേൽമണ്ണ് ചുവപ്പ് കലർന്ന ലാറ്ററൈറ്റും, അതിനോട് ചേർന്ന് ചരൽകൂടുതലായുള്ള ലാറ്ററൈറ്റും അതിനിടയിലായി പറപ്പുരകളുമാണുള്ളത്. ഈ പ്രദേശങ്ങളിൽ വൻതോതിൽ തെങ്ങും മരച്ചീനിയും മറ്റു കാർഷിക വിളകളും കൃഷിചെയ്യുന്നു.

ചരിത്രം

പഞ്ചായത്തിന്റെ പേര്	:	ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് - ഗ്രേഡ് I
പഞ്ചായത്ത് രൂപീകരണ വർഷം	:	1962 ജനുവരി -1
ഉൾപ്പെടുന്ന വില്ലേജ്	:	ശ്രീകൃഷ്ണപുരം- I, II
താലൂക്ക്	:	ഒറ്റപ്പാലം
ലോകസഭാ മണ്ഡലം	:	പാലക്കാട്
അസംബ്ലി മണ്ഡലം	:	ഒറ്റപ്പാലം
ജില്ലാപഞ്ചായത്ത് ഡിവിഷൻ	:	കടമ്പഴിപ്പുറം, ശ്രീകൃഷ്ണപുരം
ബ്ലോക്ക് പഞ്ചായത്ത്	:	ശ്രീകൃഷ്ണപുരം
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	മണ്ണമ്പറ്റ, ശ്രീകൃഷ്ണപുരം, പൂക്കോട്ട്കാവ്, തിരുവാഴിയോട്
എം.പി.	:	വി.കെ. ശ്രീകണ്ഠൻ
എം.എൽ.എ.	:	കെ.പ്രേംകുമാർ
ജില്ലാപഞ്ചായത്ത് അംഗം	:	കെ.ശ്രീധരൻമാസ്റ്റർ
ബ്ലോക്ക് മെമ്പർമാർ	:	മണ്ണമ്പറ്റ : വി.കെ. രാധിക
	:	ശ്രീകൃഷ്ണപുരം : സെയ്താലി
	:	സി. പത്മപ്രിയ, എസ്. അജിത്കുമാർ
*ജനസംഖ്യ	:	23550
പുരുഷന്മാർ	:	11654
സ്ത്രീകൾ	:	11896
ജനസാന്ദ്രത	:	795.6/ ച.കി.മീ.
പട്ടികജാതി കോളനികൾ	:	42
പട്ടികജാതി ജനസംഖ്യ	:	3673
പുരുഷൻമാർ	:	1766
സ്ത്രീകൾ	:	1907
വാർഡുകളുടെ എണ്ണം	:	14
വിസ്തീർണ്ണം	:	29.6 ച.കി.മി.
അതിരുകൾ	:	വടക്ക് : കരിമ്പുഴ ഗ്രാമപഞ്ചയത്ത്
	:	കിഴക്ക് : കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത്
	:	തെക്ക് : കടമ്പഴിപ്പുറം, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തുകൾ
	:	പടിഞ്ഞാറ് : വെള്ളിനേഴി ഗ്രാമപഞ്ചായത്ത്
അക്ഷാംശരേഖ വിവരങ്ങൾ	:	10.892633- 76.401975

* 2012 ലെ പി.എച്ച്.സി. കണക്കെടുപ്പ് അനുസരിച്ച്

ചരിത്ര രേഖകളുടെ അഭാവം കാരണം ഈ പ്രദേശത്തിന്റെ പൌരാണിക ചരിത്രം വ്യക്തമല്ല. എന്നാൽ ഈ പ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും കണ്ടെടുക്കപ്പെട്ട നന്നങ്ങാടികൾ. വടുകനാംകുറുശ്ശി ക്ഷേത്രത്തിൽ കാണുന്ന വട്ടെഴുത്ത് തുടങ്ങിയവ ശ്രീകൃഷ്ണപുരം ഗ്രാമത്തിന്റെ പഴയകാല ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന രേഖകളാണ് രാജവാഴ്ച കാലത്ത് ഈ പ്രദേശം സാമൂതിരിയുടെ ഭരണത്തിൻ കീഴിലായിരുന്നു. ശ്രീകൃഷ്ണ ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലം എന്ന നിലയിലാണ് ഈ പ്രദേശത്തിന് ശ്രീകൃഷ്ണപുരം എന്ന പേരുണ്ടായത്. ശ്രീകൃഷ്ണപുരം പ്രസിദ്ധമായ 14 ദേശത്തിൽ പ്പെട്ടതാണ്. ക്ഷേത്രങ്ങളെയും മനകളെയും അടിസ്ഥാനപ്പെടുത്തിയായിരുന്നു ദേശങ്ങൾ വിഭജിക്കപ്പെട്ടിരുന്നത്. വള്ളുവകോനാതിരിയായിരുന്നു ഇവിടെ ഭരണം നടത്തിയിരുന്നത്. പിന്നീട് വള്ളുവ കോനാതിരിയെ പരാജയപ്പെടുത്തി സാമൂതിരിയുടെ സാമന്തൻ ഭരണം സ്ഥാപിച്ചു. പതിനാല് ദേശമെന്നറിയപ്പെടുന്ന ഈ പ്രദേശത്തെ മുഴുവൻ ഭൂമിയുടെയും ഉടമസ്ഥാവകാശം ബ്രാഹ്മണർക്കോ ക്ഷേത്രങ്ങൾക്കോ ആയിരുന്നു. ജാതി അടിസ്ഥാനത്തിലായിരുന്നു തൊഴിലുകൾ വിഭജിക്കപ്പെട്ടിരുന്നത്. ജാതിവ്യസ്ഥ ലംഘിക്കുന്നവർക്ക് ഭ്രഷ്ട കല്പിച്ചിരുന്നു. ബഹുഭാര്യത്വം നിലവിലുണ്ടായിരുന്നു. കാരണവരായ മൂസ്സ് മാത്രമേ വേളി കഴിച്ചിരുന്നുള്ളൂ. മറ്റുള്ളവർക്ക് സംബന്ധമുറയായിരുന്നു. നെൽകൃഷി നടത്തിയിരുന്നത് പാട്ടക്കുടിയാന്മാരായിരുന്നു. നാടുവാഴികളെന്ന് പറയാവുന്ന ഒന്നുരണ്ട് നായർ കുടുംബങ്ങൾ ഇതിനൊരപവാദമായിരുന്നു. ഇവിടുത്തെ പ്രധാന തൊഴിലും ഉപജീവന മാർഗ്ഗവും കൃഷിയായിരുന്നു. ഭൂവുടമ-കുടിയാൻ-അടിയാൻ എന്ന രീതിയി ലായിരുന്നു ഇവിടുത്തെ സാമൂഹ്യ ബന്ധം. ജന്മി കുടിയാനു പാട്ടത്തിനു കൊടുക്കുകയും കുടിയാൻ അടിയാളന്മാരെ ഉപയോഗിച്ച് വിളവിറക്കുകയും ചെയ്തിരുന്നു. രാജഭരണത്തിന്റെയും ബ്രിട്ടീഷ് ആധിപത്യത്തിന്റെയും പീഡനങ്ങൾ ആവോളം അറിഞ്ഞിട്ടുള്ളവരാണു ഇവിടെയുള്ള അടിസ്ഥാന വർഗ്ഗം. ഇവിടെ ഉച്ചനീചത്വവും ബ്രാഹ്മണ മേധാവിത്വവും നിലനിന്നിരുന്നു. ഭൂസ്വത്ത് മുഴുവനും ബ്രാഹ്മണരുടെയും ദേവസ്വങ്ങളുടെയും അധീനതയിലായിരുന്നു. സാമൂഹ്യജീവിതത്തിന്റെ കേന്ദ്രം ക്ഷേത്രങ്ങളായിരുന്നു. ജന്മം, കാണം, വെറും പാട്ടം എന്നീ മൂന്ന് തട്ടിലായിരുന്നു ഭൂമിയുടെ ഉടമസ്ഥത നിലനിന്നിരുന്നത്. ആ കാലങ്ങളിൽ കുടിയാന്മാരുടെയും കർഷകത്തൊഴിലാളികളുടെയും ജീവിതം വിഷമ സ്ഥിതിയിലായിരുന്നു. കൊടുക്കുന്ന പാട്ടത്തിന് പലപ്പോഴും രേഖ കൊടുത്തിരുന്നില്ല. പാട്ടബാക്കിയുടെ പേരിൽ ഒഴിപ്പിക്കുകയലും നടന്നിരുന്നു. ഭൂപരിഷ്കരണമാണ് ഈ ദുഃസ്ഥിതിക്ക് അറുതി വരുത്തിയത്. വള്ളുവനാടൻ സംസ്കാരത്തിന്റെ ഭാഗമായി ശ്രീകൃഷ്ണപുരം അറിയ പ്പെടുന്നു. മനോഹരമായ മലയാൺമയുടെ ഉടമകളാണിവർ. അനുഷ്ഠാനകലകളായ തോറ്റം പാട്ടുകൾ, സർപ്പം പാട്ടുകൾ, ഗംഘകളിപ്പാട്ടുകൾ, അയ്യപ്പൻപാട്ട്, കളമെഴുത്ത് നടത്തി നാഗപ്പാട്ട് പാടാൻ വിദഗ്ദ്ധനായിരുന്നു മുറിച്ചിറ രാമൻ. ക്ഷേത്രങ്ങൾ ഒരു കാലത്ത് സാംസ്കാരിക കേന്ദ്രങ്ങളായിരുന്നു. ക്ഷേത്രങ്ങളിൽ നടന്നിരുന്ന വാരം വേദവിദ്യാപ്രകടനത്തിനുള്ള വേദിയായിരുന്നു. ഉത്സവങ്ങളോടനുബന്ധിച്ച് കളമെഴുത്ത്, പാന, കൂത്ത്, കൂടിയാട്ടം, കഥകളി എന്നീകലകൾ അരങ്ങേറിയിരുന്നു. കേരളത്തിലെ പുകൾപെറ്റ പരിയാനമ്പറ്റ ക്ഷേത്രം ഈ പ്രദേശത്താണ്. 14 ദേശങ്ങൾ തട്ടകമായി കാണുന്ന ഈ ക്ഷേത്രത്തിൽ നാനാദേശത്തുനിന്നും പതിനായിരകണക്കിന് ഭക്തജനങ്ങൾ എത്തുന്നു. ഈശ്വരമംഗലം ഗണപതിക്ഷേത്രം ഈ പഞ്ചായത്തിലാണ്. കേരളത്തിന്റെ തനതു കലയായ കഥകളി തുടർച്ചയായി 7 ദിവസവും നടത്തിവരുന്ന ശ്രീ പച്ചായിൽ ശിവക്ഷേത്രം ഈ പ്രദേശത്താണ്. ശ്രീകൃഷ്ണപുരത്ത് അമച്വർ – പ്രൊഫഷണൽ നാടകവേദികളുടെ പ്രവർത്തനം സജീവമായി നടന്നുവന്നിരുന്നു. ശ്രീകൃഷ്ണപുരം പൊതുജനവായനശാല സാംസ്കാരിക കേന്ദ്രമായിത്തീർന്നു. മംഗലാംകുന്ന്, കുളക്കാട്ടുകുറുശ്ശി, വലമ്പിലിമംഗലം, മണ്ണമ്പറ്റ തുടങ്ങിയ സ്ഥലങ്ങളിലെ വായനശാലകളും സാംസ് കാരിക പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിയിരുന്നു. മംഗലാംകുന്ന്, കുളക്കാട്ടുകുറുശ്ശി, വലമ്പിലി മംഗലം, മണ്ണമ്പറ്റ തുടങ്ങിയ സ്ഥലങ്ങളിലെ വായനശാലകളും സാംസ്കാരിക പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിയിരുന്നു. ശ്രീകൃഷ്ണപുരം വായനശാലയുടെ നേതൃത്വത്തിൽ നിരവധി കവി സമ്മേളനവും സെമിനാറുകളും നടന്നിട്ടുണ്ട്. വള്ളത്തോൾ, മുണ്ടശ്ശേരി തുടങ്ങിയ സാഹിത്യ നായകൻമാർ ഈ വായനശാല സന്ദർശിച്ചിട്ടുണ്ട്. കിഴക്കേപ്പാട്ട്, മാമ്പള്ളിക്കളം എന്നീ നായർ കുടുംബങ്ങളിലുള്ളവർക്ക് ആദ്യം മുതലേ പാശ്ചാത്യ വിദ്യാഭ്യാസം ലഭിച്ചിരുന്നു. യോഗക്ഷേമസഭയൊഴികെ മറ്റ് സമുദായ സംഘടനകളൊന്നും ഇവിടെ ഉണ്ടായിരുന്നില്ല. നമ്പൂതിരി സമുദായത്തിലുണ്ടായ നവോത്ഥാന പ്രസ്ഥാനം യോഗക്ഷേമസഭയുടെ നേതൃ

ത്വത്തിൽ ശക്തമായിരുന്നു. ഘോഷ ബഹിഷ്ക്കരണം, അപ്ഫൻമാരുടെ വേലി തുടങ്ങിയ പരിഷ്കരണ പ്രവർത്തനങ്ങൾക്ക് ഇവർ പിന്തുണ നൽകിയിരുന്നു. തൽഫലമായി പല സ്കൂളുകളും ആരംഭിച്ചു. ഇത് സാമൂഹ്യ നവീകരണത്തിന് തുടക്കം കുറിച്ചു. 1934 ജനുവരി 8ന് മഹാത്മാഗാന്ധിയുടെ പാദസ്പർശമേൽക്കാനുള്ള പരമഭാഗ്യം ഈ പഞ്ചായത്തിനുണ്ടായിട്ടുണ്ട്. ഗാന്ധിജിയുടെ ഹിന്ദി പ്രചാരണ പ്രവർത്തനത്തിന്റെ ഭാഗമായി 199ന് ദക്ഷിണഭാരത ഹിന്ദി പ്രചാരസഭയുടെ ഒരു ശാഖ ചന്തപ്പുരയിലെ എം.ആർ.കെ. ബിൽഡിംഗിൽ സ്ഥാപിച്ചിരുന്നു. രാജ്യമൊട്ടുക്കും ആഞ്ഞടിച്ച സ്വാതന്ത്ര്യസമര കൊടുങ്കാറ്റ് ഈ ഗ്രാമത്തേയും കർമ്മോന്മുഖമാക്കി, ദേശീയ പ്രസ്ഥാനത്തിന്റെ അലകൾ ശ്രീകൃഷ്ണപുരത്തും എത്തിയിരുന്നു. കാട്ടുകുളത്ത് ഈശ്വരവാര്യരുടെ വീട്ടിൽ സ്ഥാപിതമായ ശിവമഠം നിരവധി നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. അയിത്തോച്ചാടന മദ്യവർജ്ജന സമരങ്ങൾ സജീവമായി നടന്നുവന്നു. 1931ൽ ഹരിജൻ പ്രസിദ്ധീകരണത്തിന്റെ ധനശേഖരണാർത്ഥം ഗാന്ധിജി ശ്രീകൃഷ്ണപുരം സന്ദർശിക്കുകയുണ്ടായി. സമീപ്രദേശങ്ങൾ മലബാർ ലഹളയുടെ പിടിയിലമർന്നപ്പോഴും ശ്രീകൃഷ്ണപുരം അതിൽ നിന്നും മുക്തമായിരുന്നു. ഗാന്ധിജിയുടെ ആഹ്വാനങ്ങളിൽ ആകൃഷ്ടരായ ഇന്നാട്ടുകാർ അദ്ദേഹത്തിന്റെ വിദേശവിരുദ്ധ പ്രവർത്തനങ്ങളിൽ സഹകരിച്ചിരുന്നു. 1939മുതൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് ചിന്താഗതി വ്യാപകമായി. ഈ നൂതന ചിന്താഗതി ഈ പ്രദേശത്തിന്റെ സവോത്ഥാനത്തിനിടയാക്കുകയും ചെയ്തു. ബഹുജന പങ്കാളിത്തത്തോടെയുള്ള സമരങ്ങൾ നടന്നത് അതിന് ശേഷമാണ്. പാട്ടഭൂമി ഒഴിപ്പിക്കലിനെതിരായും, നെല്ല് കരിച്ചന്തയിൽ വിൽക്കുന്നവർക്കെതിരായും ജനങ്ങളെ അണിനിരത്തി. ചോളം വാങ്ങുന്നവർക്കു മാത്രമേ അരി നൽകൂവെന്ന നിബന്ധനക്കെതിരായും ജനങ്ങളെ അണിനിരത്താൻ ഈ പ്രസ്ഥാനത്തിന് കഴിഞ്ഞു. എന്നാൽ കൃഷി ഒഴിപ്പിക്കലിനെതിരെയുള്ള സമരത്തിൽ കർഷകരെ സംഘടിതമായി അണിനിരത്താൻ പ്രസ്ഥാനത്തിന് കഴിഞ്ഞില്ല. ഈ സമരങ്ങൾ ഒറ്റപ്പെട്ടവയായിമാറി. പൊതുയോഗങ്ങളിൽ പങ്കാളിത്തം ഉണ്ടായിരുന്നെങ്കിലും ജന്മിമാർക്ക് എതിരായുള്ള സംഘട്ടനത്തിന് കുടിയാന്മാർ തയ്യാറായിരുന്നില്ല. 1937ലെ വോട്ടെടുപ്പിൽ വിദ്യാഭ്യാസമുള്ളവർക്കും നികുതിദായകർക്കും മാത്രമായിരുന്നു വോട്ടവകാശം. 1946ൽ മലപ്പുറം നിയോജകമണ്ഡലത്തിലായിരുന്നു ശ്രീകൃഷ്ണപുരം ഉൾപ്പെട്ടിരുന്നത്. സ്വാതന്ത്ര്യദിനാഘോഷപരിപാടികൾ ഫർക്കാടിസ്ഥാനത്തിൽ തിരുവാഴിയോട് വെച്ചായിരുന്നു നടന്നത് കമ്മ്യൂണിസ്റ്റുകാരെ ഈ യോഗത്തിൽ നിന്ന് ഒഴിവാക്കിയിരുന്നു. 1948ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ചപ്പോൾ പി. കൃഷ്ണപിള്ള ഉൾപ്പടെ നിരവധി നേതാക്കൾ ഇവിടെ ഒളിവിൽ പാർത്തിരുന്നു. കർഷക പ്രസ്ഥാനവും അധ്യാപകപ്രസ്ഥാനവും സമാന്തര ധാരകളായി വളർന്നുവന്നിരുന്നു. വേലകൾ, പൂരങ്ങൾ എന്നിവ നടക്കുന്ന സമയങ്ങളിൽ ക്ഷേത്രപരിസരത്ത് രാഷ്ട്രീയ പ്രചാരണ യോഗങ്ങൾ നടന്നിരുന്നു. കേന്ദ്രസർക്കാർ ആദരിച്ച സംസ്കൃത പണ്ഡിതനായിരുന്നു മൂർത്തിയേടത്ത് മനക്കൽ ശങ്കരൻനമ്പൂതിരി. അന്തരിച്ച വി എൻ.കൃഷ്ണൻ നമ്പൂതിരി പ്രസിദ്ധ നർത്തകനും ബംഗാളിലെ ശാന്തിനികേതനത്തിലെ അദ്ധ്യാപകനുമായിരുന്നു. വിദേശങ്ങളിലും അദ്ദേഹം പരിപാടി അവതരിപ്പിച്ചിരുന്നു. അന്തരിച്ച തിരൂർ നമ്പീശൻ കഥകളി സംഗീതത്തിൽ പ്രഗത്ഭനായിരുന്നു. മാടമ്പിസുബ്രഹ്മണ്യൻ നമ്പൂതിരി വി.എൻ.നാരായണൻനമ്പൂതിരി എന്നിവർ ഈ രംഗത്ത് പ്രസിദ്ധരാണ്. കർണ്ണാടക സംഗീതത്തിൽ പ്രാഗത്ഭ്യം തെളിയിച്ച സംഗീതജ്ഞനാണ് മാടമ്പി വാസുദേവൻ. സംസ്ഥാന രപീകരണത്തെതുടർന്ന് ഗവർണ്ണറുടെ ഉപദേശകനായ രാവുണ്ണി മേനോൻ, സബ്ജഡ്ജി കൃഷ്ണമേനോൻ, പ്രശസ്ത ശാസ്ത്രജ്ഞനായ ഡോ. എം.ജികെ. മേനോൻ എന്നിവർ ഈ നാട്ടുകാരായിരുന്നു.

1962 ജനുവരി ഒന്നിനാണ് ശ്രീകൃഷ്ണപുരം പഞ്ചായത്ത് ഔദ്യോഗികമായി നിലവിൽ വന്നത്. വടക്ക് കരിമ്പുഴപ്പുഴയും, തെക്ക് പൂക്കോട്ടുകാവ് പഞ്ചായത്തും കിഴക്ക് കടമ്പഴിപ്പുറം പഞ്ചായത്തും, പടിഞ്ഞാറ് വെള്ളിനേഴി പഞ്ചായത്തും അതിരുകളായി 29.6 ച.കീ.മീറ്റർ വിസ്തൃതിയിൽ വ്യത്യസ്ത പ്രകൃതിജാലങ്ങളുമേന്തി പരിലസിക്കുന്ന ഭൂവിഭാഗമാണ് ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്. 23550 വരുന്ന ജനസംഖ്യയിൽ 11896 പേർ സ്ത്രീകളും 11654 പേർ പുരുഷന്മാരുമാണ്. മൊത്തം ജനതയുടെ സാക്ഷരത 74.09ശതമാനമാണ്. ഭൂപ്രകൃതി അനുസരിച്ച് ഇടനാട് മേഖലയിൽ വരുന്ന പ്രദേശമായ ശ്രീകൃഷ്ണപുരം പഞ്ചായത്തിനെ ചെറുകുന്നുകൾ, സമതലകൾ, ചെരിവുകൾ എന്നിങ്ങനെ തിരിക്കാം. പൂർണ്ണമായും ഒരു കാർഷിക ഗ്രാമമാണ് ശ്രീകൃഷ്ണപുരം. നെല്ല്, റബ്ബർ എന്നിവയാണ് പ്രധാന കൃഷി. വാഴ, തെങ്ങ്, കവുങ്ങ് എന്നിവയും പഞ്ചായത്തിൽ കൃഷി ചെയ്യുന്നുണ്ട്. തോടുകൾ, കുളങ്ങൾ, കിണറുകൾ, പുഴ എന്നിവയാണ്

പഞ്ചായത്തിന്റെ വടക്കേ അതിർത്തിയായ കരിമ്പുഴപുഴയിൽ എല്ലാകാലത്തും ജലം ലഭ്യമാണ്. 13കുളങ്ങളും പഞ്ചായത്തിലുണ്ട്. ശ്രീകൃഷ്ണപുരം കനാലും ജലസേചന ത്തിനായി ഉപയോഗിക്കുന്നു. ശ്രീകൃഷ്ണപുരം പഞ്ചായ ത്തിലെ ഭൂരിപക്ഷം ജനങ്ങളും കുടിവെള്ള ത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത് 27 പൊതുകിണറുകൾ പഞ്ചായത്തിലുണ്ട്. പൊതുകുടിവെള്ള ടാപ്പുകളും ജനങ്ങൾ ശുദ്ധജലത്തിനായി ഉപയോഗിക്കുന്നു. മരു ങ്ങോടൻ മല, ചാത്തൻകുന്ന്, ചിന്മയക്കുന്ന്, നിലവിളിക്കുന്ന്, പാറക്കുന്ന്, പന്തലങ്ങാടൻമല, പെരും പോത്ത്മല ഏന്നിവയാണ് പ്രധാന കുന്നിൻ പ്രദേശങ്ങൾ. പഞ്ചായത്തിന്റെ 75%ഭാഗവും ചുവന്നമണ്ണും 25% ചെങ്കൽ പ്രദേശവുമാണ്. ആയിരത്തോളം തെരുവ് വിളക്കുകൾ പഞ്ചായത്ത് വീഥികളിൽ സ്ഥാപിച്ചിട്ടുള്ളത് രാത്രികാല യാത്ര സുഗമമാക്കുന്നു. വ്യോമഗതാഗതത്തിനായി പഞ്ചായത്ത് നിവാസികൾ ആശ്രയിക്കുന്ന ഏറ്റവുംഅടുത്ത വിമാനത്താവളം കരിപ്പൂർ വിമാനത്താവളമാണ്. ഒറ്റപ്പാലം റെയിൽവേ സ്റ്റേഷനാണ് പഞ്ചായത്തിനോട് ഏറ്റവും അടുത്ത് സ്ഥിതിചെയ്യുന്ന റെയിൽവേ സ്റ്റേഷൻ. കോഴിക്കോട് കാപ്പാട് ഉൾനാട് തുറമുഖമാണ് പഞ്ചായത്തിനോട് ഏറ്റവും അടുത്തുള്ളത്. വൻകിട തുറമുഖമെന്ന നിലയിൽ കൊച്ചി തുറഖമാണ് പഞ്ചായത്തിനോട് ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്നത്. ശ്രീകൃഷ്ണപുരം ബസ്സ്റ്റാന്റാണ് പഞ്ചായത്തിനുള്ളിലെ ബസ് ഗതാഗതത്തിന്റെ കേന്ദ്രം. പഞ്ചായത്തിനടുത്തുള്ള മണ്ണാർക്കാട് ബസ്സ്റ്റാന്റും, ചെർപ്പുളശ്ശേരി ബസ്സ്റ്റാന്റും ജനങ്ങൾ ഉപയോഗപ്പെടുത്തു ന്നുണ്ട്. പഞ്ചായത്തിന്റെ അടിസ്ഥാനപരമായ വികാസത്തിൽ റോഡുകൾ പ്രധാന പങ്ക് വഹി ക്കുന്നു. ശ്രീകൃഷ്ണപുരം പഞ്ചായത്ത് രൂപീകരണ ത്തിനുമുൻപുതന്നെ ഇപ്പോൾ പൊതു മരാമത്തിന് കീഴിലുള്ള പെരുമാങ്ങോട് ഷെഡ്ഡും കുന്ന് റോഡും, കാഞ്ഞിരംപാറ- ശ്രീകൃഷ്ണപുരം റോഡും ഇപ്പോഴും പഞ്ചായത്ത് അതീനതയിലുള്ള മണ്ണമ്പറ്റ കടമ്പഴിപ്പുറം റോഡും നിലവിലു ണ്ടായിരുന്നു. 1964ൽ കരിമ്പുഴപാലം വന്നതോടെ മണ്ണാർക്കാട് ഒറ്റപ്പാലം റോഡിൽ വാഹനഗതാഗതം വർദ്ധിക്കുകയും പഞ്ചായത്തിന്റെ വികസനത്തിന് വഴിയൊരു ക്കുകയും ചെയ്തു. തിരുവാഴിയോട് റോഡ്, നിലവിളിക്കുന്ന് റോഡ്, പുഞ്ചപ്പാടം റോഡ്, കരിമ്പുഴ റോഡ് എന്നീ റോഡുകളും പഞ്ചായത്തിലൂടെ കടന്നുപോകുന്നു. പഞ്ചായ ത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും നിർമ്മാണ മേഖലയിലും, കാർഷിക മേഖലയിലും ജോലി ചെയ്തവരാണ്. എങ്കിലും ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ പഞ്ചായത്തിൽ ചിലയിടത്തുണ്ട്. സോഡാഫാക്ടറി, തടി വ്യവസായം, തീപ്പെട്ടി വ്യവസായം, റബ്ബർത്രെഡ് ഫാക്ടി, ഹോട്ടൽ എന്നിവയാണ് ചെറുകിട ഇടത്തരം വ്യവസായങ്ങളായി പഞ്ചായത്തി ലുള്ളത് പരമ്പരാഗത മേഖലയിൽ ജോലി ചെയ്യുന്ന നാമമാത്രമായ ആൾക്കാർ ഇന്നും ശ്രീകൃഷ്ണപുരത്തുണ്ട്. പഞ്ചായത്തിനുള്ളിൽ ഒരു പെട്രോൾബങ്കും രണ്ട് ഗ്യാസ് ഏജൻസികളും പ്രവർത്തിച്ചുവരുന്നു. പഞ്ചായത്ത് പൊതുവിത രണമേഖലയിൽ 9 റേഷൻകടകൾ പ്രവർ ത്തിക്കുന്നു. ഓരോ മാവേലി സ്റ്റോറു കളും,നീതിസ്റ്റോറും പഞ്ചായത്തിലെ പൊതു വിതരണരംഗത്തെ മറ്റു സംവിധാനങ്ങളാണ്. ഒരുകാലത്ത് ഈ ഗ്രാമത്തിലെ പ്രധാന ഉത്പ്പന്ന വിപണന കേന്ദ്രമായിരുന്നു പെരുമാങ്ങോട് ചന്ത. ഇന്ന് ആ സ്ഥാനത്ത് സ്വകാര്യ രംഗത്തെ പ്രാദേശിക കച്ചവട സ്ഥാപനങ്ങൾ ഏറി വന്നിരിക്കുന്നു. 3 ഷോപ്പിംഗ് കോംപ്ലക്സുകൾ പഞ്ചായത്തിലെ വ്യാപാര രംഗത്ത് പ്രവർ ത്തിക്കുന്നു. ശ്രീകൃഷ്ണപുരം മാർക്കറ്റും, ചന്തപ്പുര മാർക്കറ്റുമാണ് പഞ്ചായത്തിലെ ജനങ്ങൾ ഉപയോഗിക്കുന്നത്. പഞ്ചായത്തിലെ വള്ളുവനാടൻ സംസ്കാരത്തിന്റെ കേന്ദ്രമായി അറിയപ്പെട്ടിരുന്ന പ്രദേശമാണ് ശ്രീകൃഷ്ണപുരം. ഈ പഞ്ചായത്തിലെ ശ്രീകൃഷ്ണക്ഷേത്രത്തിന്റെ പേരിലാണ് ഈ പ്രദേശത്തിന് ശ്രീകൃഷ്ണപുരം എന്ന പേർ ഉണ്ടായത് എന്ന് അനുമാനിക്ക പ്പെടുന്നു. പണ്ട് ഹിന്ദുക്കൾമാത്രം അധിവ സിച്ചിരുന്ന പ്രദേശമായിരുന്ന ഇവിടെ ഇന്ന് ക്രിസ്ത്യാനികളും മുസ്സീംങ്ങളും ഉണ്ട്. വലമ്പിലിമംഗലം ക്ഷേത്രം, കുഴിയിൽ ക്ഷേത്രം, പച്ചായിൽ ശിവക്ഷേത്രം, പുന്നാംപറമ്പിൽ ഭഗവതി ക്ഷേത്രം, തൃക്കഴികുന്ന് ക്ഷേത്രം എന്നിവ പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്. ഷെഡും കുന്ന് ജുമാ-അത്ത് പള്ളി, ചന്തപ്പള്ളി, നിസ്കാരപള്ളി എന്നിവയും ശ്രീകൃഷ്ണപുരം സെന്റ് ജോസഫ്ചർച്ച്, ലുഥൻ മിഷൻ ചർച്ച് എന്നിവയും പ്രധാന ആരാധനാലയങ്ങളാണ്. പച്ചായിൽ ഉത്സവം, പുന്നാംപറമ്പ്പൂരം, പരിയാനംമ്പറ്റ പൂരം, ഉത്രത്തിൽകാവ് ഭരണി എന്നിവയും ഈ തട്ടകത്തിൽപ്പെട്ട ആഘോ ഷങ്ങളാണ്. ഔദ്യോഗിക രംഗത്ത് പ്രശ സ്തനായ കിഴക്കേപ്പാട്ട് രാവുണ്ണിമേനോൻ, ശാസ്ത്ര സാങ്കേതിക രംഗത്ത് എം.ജി.കെ. മേനോൻ എന്നിവർ ഈ പഞ്ചായ ത്തുകാരാണ്. സംസ്കൃതപണ്ഡിതൻ മൂർത്തിയേടത്ത് മനക്കൽ ശങ്കരൻനമ്പൂതിരി, ഇളയേടത്ത്മനക്കൽ ശങ്കര നാരായണൻ സോമയാജിപ്പാടം കേന്ദ്ര സർക്കാറിന്റെ

അംഗീകാരം നേടിയവരാണ്. ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടി, ശ്രീകൃഷ്ണപുരം വേണുഗോപാൽ, കെ.സി.നാരായണൻ, എം. നന്ദകുമാർ എന്നിവർ ഈ പ്രദേശത്തുള്ള സാഹിത്യകാരന്മാരാണ്. അന്തരിച്ച പി.എൻ. കൃഷ്ണൻ നമ്പൂതിരി പ്രസിദ്ധ നർത്തകനും, ബംഗാളിലെ ശാന്തിനികേതനിലെ അധ്യാപകനുമായിരുന്നു. ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കംചെന്ന വായനശാല 1941ൽ ആരംഭിച്ച ശ്രീകൃഷ്ണപുരം പൊതുജന വായനശാലയാണ്. ഈ പ്രദേശത്തെ എല്ലാ സാംസ്കാരിക പ്രവർത്തനങ്ങൾക്കും കേന്ദ്രബിന്ദുവായി പ്രവർത്തിച്ചിരുന്നത് ഈ സ്ഥാപനമാണ്. 1957മുതൽ ശ്രീകൃഷ്ണപുരത്ത് ഒരു ഗവ. റൂറൽ ഡിസ്പെൻസറി പ്രവർത്തിക്കുന്നു. 1996 ൽ ഇത് പ്രാഥമിക ആരോഗ്യ കേന്ദ്രമായി. ഇതിന്റെ ഉപകേന്ദ്രം മണ്ണമ്പറ്റയിൽ പ്രവർത്തിക്കുന്നു. മണ്ണമ്പറ്റയിൽ ഒരു സർക്കാർ ആയുർവ്വേദ ആശുപത്രി 1996ൽസ്ഥാപിതമായി. ഇതിനുപുറമെ ഷെഡ്ഡുംകുന്നത്തെ ഒരു സ്വകാര്യ ആശുപത്രിയും പ്രവർത്തിക്കുന്നു. ഷെഡ്ഡുംകുന്നിലെ ശ്രീകൃഷ്ണപുരം ഹോസ്പിറ്റലിൽ നിന്നുള്ള ആംബുലൻസ് സേവനമാണ് പഞ്ചായത്തിൽ ലഭിക്കുന്നത്. ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള സ്ഥാപനം ഇവിടെയുള്ള മൃഗാശുപത്രിയാണ്. 1964 മാർച്ച് 1 നാണ് മൃഗാശുപത്രി പ്രവർത്തനം ആരംഭിച്ചത്. മൃഗചികിത്സ, കൃത്രിമബീജാധാനം, രോഗ പ്രതിരോധ കുത്തിവെയ്പ്പുകൾ തുടങ്ങിയ സൗകര്യങ്ങൾ മൃഗാശുപത്രിയിലു്. 1890ൽ മംഗലാംകുന്നിൽ ആരംഭിച്ച പാഠശാലയാണ് പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസത്തിന്റെ കേന്ദ്രം. 1901ൽ നെടിയേടത്ത്മന സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട് സ്ഥാപിച്ച പെരുമാങ്ങോട് എലിമെന്ററി സ്കൂളാണ് ഇന്ന് എൽ.പി.സ്കൂളുകളായി പ്രവർത്തിക്കുന്നത്. സ്വാതന്ത്ര്യലബ്ധിക്കു മുമ്പുതന്നെ അഞ്ചോളം വിദ്യാലയങ്ങൾ ഈ പ്രദേശത്തിലുായിരുന്നു. എ.എൽ.പി.എസ് വലമ്പിലി മംഗലം, എസ്.ആർ.ജെ. എ.എൽ.പി.സ്കൂൾ, ഈശ്വരമംഗലം, എ.യു.പി.എസ്, ശ്രീകൃഷ്ണപുരം, ശ്രീകൃഷ്ണപുരം എച്ച്.എച്ച്.എസ്. എന്നിവ പഞ്ചായത്തിലെ പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. 1982ൽ ശ്രീശങ്കരട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച വി.ടി.ഭട്ടതിരിപ്പാട് കോളേജിലൂടെയാണ് പഞ്ചായത്തിൽ ഉന്നത വിദ്യഭ്യാസത്തിന് തുടക്കമായത്. സാമൂഹ്യ സേവനരംഗത്ത് ശ്രീകൃഷ്ണപുരത്തും മണ്ണമ്പറ്റയിലും ഓരോ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു. ബാങ്കിംഗ് രംഗത്തെ പ്രമുഖ സ്ഥാപനങ്ങളായ എസ്.ബി.ടിയുടെയും കനറാബാങ്കിന്റെയും ശാഖകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പാലക്കാട് ജില്ലാ സഹകരണബാങ്ക്, കടമ്പഴിപ്പുറം സർവ്വീസ് സഹകരണബാങ്ക്, ശ്രീകൃഷ്ണപുരം സർവ്വീസ് സഹകരണബാങ്ക് എന്നിവ സഹകരണ മേഖലയിലെ പ്രധാന സ്ഥാപനങ്ങളാണ്. ശ്രീകൃഷ്ണപുരം പൊതുജന വായനശാലയെ കൂടാതെ മണ്ണമ്പറ്റ ഭാരതി വായനശാല പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രമാണ്. രാഗം സ്പോർട്സ് & ആർട്സ് ക്ലബ്ബും കലാകായിക രംഗത്ത് പ്രോത്സാഹനമായി നിലകൊള്ളുന്ന സംഘടനയാണ്. ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ മണ്ണമ്പറ്റയിൽ ഒരു കല്ല്യാണ മണ്ഡപം പ്രവർത്തിക്കുന്നു. ശ്രീകൃഷ്ണപുരത്ത് വൈദ്യുത ബോർഡിന്റെ ഓഫീസ് പ്രവർത്തിക്കുന്നു. തപാലോഫീസും, ബി.എസ്.എൻ.എൽ. ഓഫീസുമാണ് പഞ്ചായത്തിലെ പ്രധാന കേന്ദ്ര സർക്കാർ ഓഫീസുകൾ. വില്ലേജ് ഓഫീസ് അടക്കം ആറോളം സർക്കാർ ഓഫീസുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു്. വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്നത് ശ്രീകൃഷ്ണപുരത്താണ്. ചന്തപ്പുരയിലുള്ള കൃഷിഭവനാണ് കാർഷിക രംഗത്തെ സേവനങ്ങൾക്കായി പഞ്ചായത്തിൽ നിലകൊള്ളുന്നത്. ശ്രീകൃഷ്ണപുരത്ത് ഒരു മത്സ്യഭവനം സ്ഥിതിചെയ്യുന്നു. ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന പ്രദേശമാണ് ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിൽ 1898ലാണ് ആദ്യത്തെ പോസ്റ്റോഫീസ ്സ്ഥാപിച്ചത്. ഇന്ന് ര് തപാലോഫീസുകളും മൂന്ന് കൊറിയർ സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഷെഡ്ഡും കുന്നിലാണ് ടെലിഫോൺ എക്സ്ചേഞ്ച് പ്രവർത്തിക്കുന്നത്.

പട്ടിക 1.1 ജനസംഖ്യാ സ്ഥിതി വിവരങ്ങൾ				
വിഭാഗം	സ്ത്രീ	പുരുഷൻ	ട്രാൻസ്ജെന്റർ	ആകെ
ജനസംഖ്യ	18401	117733	0	36134
സാക്ഷരത (ശതമാനം)	87.50%	80%	0	83.70%
കുട്ടികൾ (0-6)	423	455	0	878
7-13	580	870	0	1720
14-18	882	862	0	1744
എസ്.സി.	1946	1937	0	3913
എസ്.ടി	27	31	0	58
സ്രോതസ്സ് : സെൻസസ് ഡാറ്റ 2011				

പട്ടിക 1.2 തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പൊതുവിവരങ്ങൾ	
വാർഡുകൾ	14
റവന്യൂ വില്ലേജുകൾ	01.892633- 76.401975
അക്ഷാംശ- രേഖാംശവിവരങ്ങൾ	10.892633- 76.401975

പട്ടിക 1.3 റവന്യൂ വില്ലേജ് -പഞ്ചായത്ത് വാർഡ് വിന്യാസം		
ക്രമ നമ്പർ	റവന്യൂ വില്ലേജിന്റെ പേര്	റവന്യൂ വില്ലേജിന്റെ പരിധിയിൽ വരുന്ന വാർഡുകൾ, നമ്പരും പേരും
	ശ്രീകൃഷ്ണപുരം I	1. വലമ്പിലിമംഗലം
		2. വലമ്പിലിമംഗലം ഈസ്റ്റ്
		3. ഈശ്വരമംഗലം
		4. ശ്രീകൃഷ്ണപുരം
		5. മണ്ണമ്പറ്റ
		6. പൂഴിയപറമ്പ് (ഭാഗികം)
		7. രാഗംകോർണർ (ഭാഗികം)
		8. ചന്തപ്പുര
		9. പെരുമാങ്ങോട്
		10. കുളക്കാട്ടുകുറുശ്ശി
	ശ്രീകൃഷ്ണപുരം I,II	11. പുന്നാംപറമ്പ്
		12. പൂഴിയപറമ്പ് (ഭാഗികം)
		13. മംഗലാംകുന്ന്
		14. തലയിണക്കാട്
		പാർത്തല (ഭാഗികം)

സമ്പദ്ഘടന

കർഷകരും കർഷക തൊഴിലാളുകളുമാണ്. കൂടുതൽ കാർഷികമേഖലയിൽ നിന്നുള്ള വരുമാനമാണ പ്രധാന വരുമാന സ്രോതസ്സ്, കാർഷിക മേഖല ലാഭകരമല്ലാത്തതിനാൽ തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് കൂടുതലാണ്. നെൽകൃഷി ഒരു പ്രധാന മേഖലയാണ്, എങ്കിലും കർഷകർ മറ്റു വിളകളിൽ ഉൾപ്പെട്ടു കഴിയുന്നു. നിർമ്മാണ മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു. ശ്രീകൃഷ്ണപുരം ചന്തപ്പുര കേന്ദ്രീകരിച്ച് വ്യാപാരികളും ചെറുകിട കച്ചവടക്കാരും തൊഴിലെടുക്കുന്നു. പ്രധാന വരുമാനമാർഗ്ഗമായി വ്യാപാരമേഖല മാറുന്നു.

പട്ടിക 1.4 സാമ്പത്തിക സ്ഥിതി വിവരം

കട നമ്പർ	ആകെ കുടുംബങ്ങളുടെ എണ്ണം	ആകെ കുടുംബാംഗങ്ങളുടെ എണ്ണം	ഉടമസ്ഥർ			
			എ.വൈ.എ മഞ്ഞകാർഡ്	മുൻഗണനാ ഗ്രൂപ്പ് (പിങ്ക് കാർഡ്	സബ്സിഡി ഉള്ളവർ (നീലകാർഡ്)	എ.പി.എൽ (വെള്ള കാർഡ്)
8	725	2474	39	356	176	154
49	788	3101	48	366	170	204
51	882	3544	63	384	183	252
52	783	2835	39	261	162	321
109	560	2253	32	250	112	166
119	329	1270	19	142	59	109
221	727	2770	22	269	186	250
232	701	2612	40	279	128	254

പട്ടിക 1.5 പ്രധാന തൊഴിലുകൾ

ക്രമ നമ്പർ	പ്രധാനതൊഴിൽ	എണ്ണം (ലഭ്യമാണെങ്കിൽ)	പ്രധാനമായും ഉള്ള വാർഡുകൾ
1.	കർഷകർ	422	പഞ്ചായത്ത് പ്രദേശം
2.	കർഷശ തൊഴിലാളികൾ	1168	എല്ലാ വാർഡുകളും
3.	പരമ്പരാഗത തൊഴിലുകൾ	620	എല്ലാ വാർഡുകളും
4.	ദിവസക്കൂലിക്കാർ	1610	എല്ലാ വാർഡുകളും
5.	അതിഥി അവിദഗ്ദ്ധ തൊഴിലാളികൾ	151	എല്ലാ വാർഡുകളിലും
6.	നിർമ്മാണ തൊഴിലാളികൾ	1410	എല്ലാ വാർഡുകളിലും
7.	ചെറുകിട കച്ചവടക്കാർ & വ്യവസായം	620	എല്ലാ വാർഡുകളിലും
8.	ശമ്പള ജോലിക്കാർ : സർക്കാർ	770	എല്ലാ വാർഡുകളിലും
9.	ശമ്പള ജോലിക്കാർ : സ്വകാര്യം	613	എല്ലാ വാർഡുകളിലും
10.	പ്രവാസികൾ	673	എല്ലാ വാർഡുകളിലും
11.	മറ്റുള്ളവ	1391	എല്ലാ വാർഡുകളിലും

സ്രോതസ്സ് : പ്രാദേശിക വിവരശേഖരണം

പട്ടിക 1.6 ഉപജീവന തൊഴിലുകൾ

ക്രമ നമ്പർ	തൊഴിൽ	യൂണിറ്റീകളുടെ എണ്ണം (ഷെഡ്ഡുകൾ/ മത്സ്യക്കുളങ്ങൾ /ടാങ്ക് തുടങ്ങിയവ)	ആകെ മൃഗങ്ങളുടെ/ പക്ഷികളുടെ എണ്ണം
1.	കോഴി/ താറാവ് വളർത്തൽ	60	12000
2.	ക്ഷീര കൃഷി (പശു/ എരുമ)	02	1741
3.	പന്നി വളർത്തൽ		
4..	ആട് വളർത്തൽ	15	850
5.	മറ്റേതെങ്കിലും വളർത്തുമൃഗങ്ങൾ	03	50
6.	മത്സ്യകൃഷി/ അലങ്കരാ മത്സ്യകൃഷി		
7.	ആന	1	09

സ്രോതസ്സ് : വകുപ്പുകൾ

പട്ടിക 1.7 പൊതുജീവന അടിസ്ഥാന സൗകര്യങ്ങൾ										
വാർഡ് നമ്പർ	മാർക്കറ്റ്	പാൽ ശേഖരണ കേന്ദ്രം	VFPCK ശേഖരണ കേന്ദ്രം	കൃഷി ഭവൻ	വിത്ത് ഫാമുകൾ	സംഭരണ ശാല	വെറ്റനറി ക്ലിനിക്ക്	അഗ്രി ഹോർട്ടി നഴ്സറി	മത്സ്യ ഫെഡ്	സി എഫ് സി
1	✓	x	x	x		x	x	x	x	x
2	x	✓	✓	x		x	x	x	x	x
3	x	✓	x	x		x	x	x	x	x
4	✓	✓	x	x		x	x	x	x	x
5	x	✓	x	x		x	x	x	x	x
6	x	✓	✓	x		x	x	x	x	x
7	x	✓	x	x		x	x	x	x	x
8	x	x	x	✓		x	x	x	x	x
9	x	✓	x	x		x	x	x	x	x
10	x	✓	x	x		x	x	x	x	x
11	x	✓	x	x		x	x	x	x	x
12	x	✓	✓	x		x	x	x	x	x
13	✓	✓	x	✓		x	x	x	x	x
14	x	✓	x	x		✓	x	x	x	x

പട്ടിക 1.8 വിദ്യാഭ്യാസ സ്ഥാപനങ്ങൾ : സർക്കാർ /എയ്ഡഡ്

തരം	വാർഡ് നമ്പർ													
	1	2	3	4	5	6	7	8	9	10	11	12	13	14
നഴ്സറികൾ/ ഡേ കെയറുകൾ	✓	✓	✓	-	✓	✓	✓	✓	✓	✓	✓	✓	✓	✓
പ്രൈമറി സ്കൂളുകൾ	✓	✓	✓	✓	✓	✓	✓	-	✓	-	✓	-	✓	✓
യു.പി.	-	-	-	-	-	-	-	-	-	-	-	-	-	✓
സെക്കന്ററി സ്കൂൾ	-	-	-	-	-	-	-	-	-	-	-	-	-	✓
ഹയർസെക്കന്ററി സ്കൂൾ	-	-	-	-	-	-	-	-	-	-	-	-	-	✓
വൊക്കേഷണൽഹയർസെക്കന്ററി സ്കൂൾ	-	-	-	-	-	-	-	-	-	-	-	-	-	-
കോളേജ്	-	-	-	-	-	-	-	✓	-	-	-	-	-	-
ഗവേഷണ സ്ഥാപനങ്ങൾ	-	-	-	-	-	-	-	-	-	-	-	-	-	-
ഹോസ്റ്റലുകൾ	-	-	-	-	✓	✓	-	-	-	-	-	-	-	-
സ്പെഷൽ സ്കൂൾ	-	-	-	-	-	✓	-	-	-	-	-	-	-	-
മറ്റുള്ളവ (ഐ.റ്റി.ഐ,ഗവ. എഞ്ചി. കോളേജ്, പോളി മുതലായവ	-	-	-	-	-	✓	-	-	-	-	-	-	-	-

വിദ്യാഭ്യാസ സ്ഥാപനങ്ങൾ : അൺ എയ്ഡഡ്

നഴ്സറികൾ/ ഡേ കെയറുകൾ	-	-	✓	-	-	-	-	-	-	-	-	-	-	-
പ്രൈമറി സ്കൂളുകൾ	-	-	✓	-	-	-	-	-	-	-	-	-	-	-
യു.പി.	-	-	✓	-	-	-	-	-	-	-	-	-	-	-
സെക്കന്ററി സ്കൂൾ	-	-	✓	-	-	-	-	-	-	-	-	-	-	-
ഹയർസെക്കന്ററി സ്കൂൾ	-	-	✓	-	-	-	-	-	-	-	-	-	-	-
വൊക്കേഷണൽഹയർസെക്കന്ററി സ്കൂൾ	-	-	-	-	-	-	-	-	-	-	-	-	-	-
കോളേജ്	-	-	-	-	-	-	-	-	-	-	-	-	-	-
ഗവേഷണ സ്ഥാപനങ്ങൾ	-	-	-	-	-	-	-	-	-	-	-	-	-	-
ഹോസ്റ്റലുകൾ	-	-	✓	-	-	-	-	-	-	-	-	-	-	-
സ്പെഷൽ സ്കൂൾ	-	-	-	-	-	-	-	-	-	-	-	-	-	-
മറ്റുള്ളവ (ഐ.റ്റി.ഐ,ഗവ. എഞ്ചി. കോളേജ്, പോളി മുതലായവ	-	-	-	-	-	-	-	-	-	-	-	-	-	-

പട്ടിക 1.9 അംഗനവാടികൾ

വാർഡ് നമ്പർ	അംഗനവാടികളുടെ നമ്പർ	സ്ഥിതി ചെയ്യുന്ന സ്ഥലം	സ്വന്തം കെട്ടിടം	വാടകയ്ക്ക്	വാടക സഹിതം
1	47	പെരുമാങ്ങോട്	✓		
	49	വലമ്പിലിമംഗലം II	✓		
2	48	വലമ്പിലിമംഗലം	✓		
3	51	മുന്നാഴിക്കുന്ന്	✓		
	52	വടക്കേക്കര	✓		
5	54	മണ്ണമ്പറ്റ			
6	55	പുളിയക്കാട്ടുതെരുവ്	✓		
	58	മണ്ണമ്പറ്റ II	✓		
7	56	നീലമംഗലം	✓		
8	57	തോട്ടര	✓		
	59	പാർത്തല	✓		
	61	കോടർമണ്ണ	✓		
9	62	കല്ലറക്കുന്ന്	✓		
	63	വടക്കുംപുറം	✓		
10	60	ഇടപ്പള്ളി	✓		
11	64	മംഗലാംകുന്ന്	✓		
12	65	രാഗംകോർണർ	✓		
13	50	ഈശ്വരമംഗലം	✓		
	53	അയ്യപ്പൻകാവ്	✓		
14	46	കനായിത്തൊടി	✓		

പട്ടിക 1.10 ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങൾ

ക്രമ നമ്പർ	പേര് സ്ഥിതി ചെയ്യുന്ന സ്ഥലം	സർക്കാർ/ സ്വകാര്യം	കിടക്കകളുടെ എണ്ണം	സൗകര്യം ഐസിയു ട്രോമ കെയർ	മറ്റ് സൗകര്യങ്ങൾ	തദ്ദേശ ഭരണ സ്ഥാപന കേന്ദ്രത്തിൽ നിന്നുള്ള ദൂരം
1.	കുടുംബാരോഗ്യ കേന്ദ്രം, ശ്രീകൃഷ്ണപുരം	സർക്കാർ		ഇല്ല	ലാബ്, പാലിയേറ്റീവ് കെയർ ഇ.സി.ജി. ഐ.പി. സൗകര്യം	750 മീറ്റർ
2.	സബ്സെന്റർ, വലമ്പിലിമംഗലം	സർക്കാർ		ഇല്ല	ആർ.സി.എച്ച് കുടുംബാരോഗ്യ പ്രവർത്തനങ്ങൾ	2.5 കീ.മീ
3.	സബ്സെന്റർ, മണ്ണമ്പറ്റ	സർക്കാർ		ഇല്ല	ആർ.സി.എച്ച് കുടുംബാരോഗ്യ പ്രവർത്തനങ്ങൾ	2 കീ.മീ
4	സബ്സെന്റർ, ഈശ്വരമംഗലം	സർക്കാർ		ഇല്ല	ആർ.സി.എച്ച് കുടുംബാരോഗ്യ പ്രവർത്തനങ്ങൾ	1½ കീ.മീ
5.	സബ്സെന്റർ, പുഞ്ചപ്പാടം	സർക്കാർ		ഇല്ല	ആർ.സി.എച്ച് കുടുംബാരോഗ്യ പ്രവർത്തനങ്ങൾ	3 കീ.മീ
6.	പി.കെ.എം. ആയുർവ്വേദ ഹോസ്പിറ്റൽ	സ്വകാര്യം	10	ഇല്ല		1 കീ.മീ
7.	വള്ളുവനാട് ഹോസ്പിറ്റൽ	സ്വകാര്യം		ഇല്ല	ലാബ് ജനറൽ മെഡിസിൻ	100 മീ
8.	മിത്ര മെഡിക്കൽ സെന്റർ	സ്വകാര്യം	10	ഇല്ല	മൊബൈൽ യൂണിറ്റ്	1 കീ.മീ
9.	ഡോ.സത്യൻസ് ക്ലിനിക്	സ്വകാര്യം		ഇല്ല	ജനറൽ മെഡിസിൻ	1 കീ.മീ

പട്ടിക 1.11 മൃഗാശുപത്രി/ ഡിസ്പെൻസറി

ക്രമ നമ്പർ	പേര്, സ്ഥിതി ചെയ്യുന്ന സ്ഥലം	ഫോൺ നമ്പർ	വാർഡ്	സ്ഥിതി ചെയ്യുന്ന സ്ഥലം	സർക്കാർ സ്വകാര്യം	തദ്ദേശ ഭരണ കേന്ദ്രത്തിൽ നിന്നുള്ള ദൂരം
1.	വെറ്ററിനറി ഡിസ്പെൻസറി ശ്രീകൃഷ്ണപുരം	9847527268	14, പെരുമാങ്ങോട്	ചന്തപ്പുര	സർക്കാർ	300മീറ്റർ
2.	വെറ്റനറി സബ്സെന്റർ കുളക്കാട്ടുകുറുശ്ശി	9447531473	7 കുളക്കാട്ടുകുറുശ്ശി	കുളക്കാട്ടുകുറുശ്ശി	സർക്കാർ	5 കീ.മി

പട്ടിക 1.12 കമ്മ്യൂണിറ്റി സെന്ററുകൾ / ഹാളുകൾ

ക്രമ നമ്പർ	പേര്, സ്ഥിതി ചെയ്യുന്ന സ്ഥലം	ബന്ധപ്പെടേണ്ട ഫോൺ നമ്പർ	വാർഡ്	സർക്കാർ സ്വകാര്യം	സൗകര്യങ്ങൾ					
					ചുറ്റുമതിൽ വിസ്തീർണ്ണം	വൈദ്യുതീകരിച്ചത്	ശുചിമുറി	മേശകസേര	ഫാൻ	ശീതീകരണം
1.	സംഗീതശില്പം കല്ല്യാണമണ്ഡപം	9447121273	3.	സ്വകാര്യം		ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
2.	കമ്മ്യൂണിറ്റി ഹാൾ ശ്രീകൃഷ്ണപുരം	9447121273	3.	സ്വകാര്യം		ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
3.	ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് കല്ല്യാണമണ്ഡപം	0466-2261222	3.	പഞ്ചായത്ത്		ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
4.	സച്ചിതാനന്ദ ഓഡിറ്റോറിയം ശ്രീകൃഷ്ണപുരം	9446751215	3.	സ്വകാര്യം		ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
5.	കിഴക്കേക്കര ഓഡിറ്റോറിയം ശ്രീകൃഷ്ണപുരം	9447531392	12	സ്വകാര്യം		ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
7.	പ്രഭവം ഓഡിറ്റോറിയം	9744856277	11	സ്വകാര്യം		ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്

പട്ടിക 1.13 മതകേന്ദ്രങ്ങൾ

ക്രമ	തരങ്ങൾ	എണ്ണം	സ്ഥിതിചെയ്യുന്ന വാർഡുകൾ
1.	ക്രിസ്ത്യൻപള്ളി	04	1,3,5,7,8
2.	ക്ഷേത്രം	27	എല്ലാ വാർഡുകളിലും
3.	മുസ്ലീംപള്ളി	2	3
4.	മറ്റുള്ളവ	0	

സ്രോതസ്സ് : തദ്ദേശ സ്വയംഭരണ റെക്കോർഡുകൾ

പട്ടിക 1.14 റോഡുകൾ

ക്രമ	വിഭാഗം	ആകെ ദൈർഘ്യം
1.	തദ്ദേശസ്വയംഭരണ സ്ഥാപന റോഡ്	177 കീലോമീറ്റർ
2.	അദർ ഡിസ്ട്രിക്ട് റോഡ്	
3.	സംസ്ഥാനം	
4.	ദേശീയപാത	
5.	മേജർ ഡിസ്ട്രിക്ട് റോഡ്	ഇല്ല

സ്രോതസ്സ് : തദ്ദേശ സ്വയംഭരണ റെക്കോർഡുകൾ

പട്ടിക 1.15 പാലങ്ങളും അനുബന്ധ ഘടനകളും (എണ്ണം)

ക്രമ	തരം	എണ്ണം	വാഹന യോഗ്യ മായത്	വാഹന യോഗ്യ മല്ലാത്തത്	സുരക്ഷിത മല്ലാത്തത	അറ്റകുറ്റ പണി ആവശ്യ മുള്ളവ
1.	കോൺക്രീറ്റ്	49	38	11	5	6
2.	മരത്തടി	0	0	0	0	0
3.	ഇരുമ്പുപാലം					
4.	കലുങ്ക്	32	32	0	0	0
5.	ചെക്ക്ഡാം	1	0	1	0	0
6.	മൈക്രോ	0	0	0	0	0
	ഹെഡൽ	0	0	0	0	0
	പ്രൊജക്ട്	0	0	0	0	0
7.	മറ്റുള്ളവ	0	0	0	0	0

സ്രോതസ്സ് : തദ്ദേശ സ്വയംഭരണ റെക്കോർഡുകൾ

പട്ടിക 1.19. ലോ ഇൻകം ഗ്രൂപ്പ് / കോളനികൾ /വാസസ്ഥലങ്ങൾ

ക്രമ നമ്പർ	കോളനിയുടെ പേര്	എത്തിച്ചേരാനുള്ള റോഡ്	കുടുംബങ്ങൾ എണ്ണം	കുടുംബാംഗങ്ങളുടെ എണ്ണം	വാർഡ്
1.	പൊണ്ണൻകല്ല്	പൊണ്ണൻകല്ല് റോഡ്	6	27	1
2.	മല-ചോലക്കുണ്ട്	വലമ്പിലിമംഗലം-പൊണ്ണൻകല്ല്	14	63	1
3.	നാലുസെന്റ് (വലമ്പിലിമംഗലം)	വലമ്പിലിമംഗലം-പൊണ്ണൻകല്ല്	7	24	1
4.	ചേനംകോട്	വലമ്പിലിമംഗലം-പൊണ്ണൻകല്ല്	6	18	1
5.	ചേലക്കാട്ടുതൊടി	വലമ്പിലിമംഗലം	12	56	2
6.	വടക്കരിക്കുന്ന്	വലമ്പിലിമംഗലം	10	21	2
7.	നായടിക്കുന്ന്	വലമ്പിലിമംഗലം	6	21	2
8.	വട്ടപറമ്പിൽ	വലമ്പിലിമംഗലം	6	19	2
9.	മുന്നാഴിക്കുന്ന് ഈസ്റ്റ്	ഷെഡ്ഡുംകുന്ന് ഈശ്വരമംഗലം	14	48	3
10.	മുന്നാഴിക്കുന്ന് (വെസ്റ്റ്)	ചന്തപ്പുര- അയ്യപ്പൻകാവ്	7	22	3
11.	ആട്ടുതലപ്പുര ഈസ്റ്റ്	ഷെഡ്ഡുംകുന്ന് ഈശ്വരമംഗലം	19	72	3
12.	ആട്ടുതലപ്പുര വെസ്റ്റ്	ചന്തപ്പുര- അയ്യപ്പൻകാവ്	7	34	3
13.	വടക്കേക്കര	ഷെഡ്ഡുംകുന്ന് കാഞ്ഞിരംപാറ	6	21	3
14.	മുക്കിരിക്കാട്	ചന്തപ്പുര- മുണ്ടക്കോട്	13	46	3
15.	ആത്രാട്ടുപറമ്പ്	കാഞ്ഞിരംപാറ-പുഞ്ചപ്പാടം	10	33	4
16.	മുറിച്ചിറ	കാഞ്ഞിരംപാറ-മുറിച്ചിറ	20	83	4
17.	വാക്കട കോളനി	എസ്.ബി.ടി. ജംഗ്ഷൻ കാഞ്ഞിരംപാറ	5	17	4
18.	മുണ്ടയ്ക്കൽ പറമ്പ്	ഷെഡ്ഡുംകുന്ന് ടി.ടി.ഐ. കോളേജ്	20	81	5

പട്ടിക 1.19. ലോ ഇൻകം ഗ്രൂപ്പ് / കോളനികൾ /വാസസ്ഥലങ്ങൾ

ക്രമ നമ്പർ	കോളനിയുടെ പേര്	എത്തിച്ചേരാനുള്ള റോഡ്	കുടുംബങ്ങൾ എണ്ണം	കുടുംബാംഗങ്ങളുടെ എണ്ണം	വാർഡ്
19.	മേലേപുരയ്ക്കൽ	മണ്ണമ്പറ്റ എഞ്ചി. കോളേജ് റോഡ്	9	28	5
20.	പള്ളിയപ്പത്തുകുന്ന്	മണ്ണമ്പറ്റ എഞ്ചി. കോളേജ് റോഡ്	6	21	5
21.	മഠത്തിൽപള്ള	മണ്ണമ്പറ്റ-കനാൽ	12	47	5
22.	ചേലാട്ടുകുന്ന്	മണ്ണമ്പറ്റ-കനാൽ	9	29	6
23.	കൂടാംകുന്ന്	മണ്ണമ്പറ്റ-കനാൽ	6	21	6
24.	വടക്കേടത്ത്കുന്ന്	മണ്ണമ്പറ്റ-കനാൽ	12	43	6
25.	ചുള്ളിയോട്ടിൽ	മണ്ണമ്പറ്റ-കനാൽ	6	19	6
26.	പുളിയക്കാട്ടുതെരുവ്	പുളിയക്കാട്ടുതെരുവ്	6	18	5
27.	കോടേംകുറുശ്ശി	പുളിയക്കാട്ടുതെരുവ്	5	17	5
28.	ചേറുങ്ങോട്	കുളക്കാട്ടുകുറുശ്ശി	7	26	5
29.	താഴത്തെപുര	മണ്ണമ്പറ്റ	11	36	6
30.	മാടമ്പിത്തൊടി	മണ്ണമ്പറ്റ	6	21	6
31.	കിഴക്കേപ്പാട്ടുകുന്ന്	മണ്ണമ്പറ്റ	9	33	5
32.	പച്ചായിൽകുന്ന്	മണ്ണമ്പറ്റ	6	24	6
33.	കൊടിയമട്ടപറമ്പ്	മണ്ണമ്പറ്റ	6	21	8
34.	മേക്കോട്ടിൽ	കുളക്കാട്ടുകുറുശ്ശി	18	71	7
35.	തേക്കിൻകാട്ടിൽ	കുളക്കാട്ടുകുറുശ്ശി	21	87	7
36.	ഇടപരത്ത്	കുളക്കാട്ടുകുറുശ്ശി	7	24	7
37.	കുളപ്പറമ്പ്കുന്ന്	കുളക്കാട്ടുകുറുശ്ശി	7	22	7
38.	മുതിയാലംകുന്ന്	പുഞ്ചപ്പാടം റോഡ്	6	21	8
39.	തട്ടേങ്ങാട്	പുഞ്ചപ്പാടം റോഡ്	7	24	8
40.	കടുമ്പിടി	പുഞ്ചപ്പാടം റോഡ്	5	19	8

പട്ടിക 1.19. ലോ ഇൻകം ഗ്രൂപ്പ് / കോളനികൾ /വാസസ്ഥലങ്ങൾ

ക്രമ നമ്പർ	കോളനിയുടെ പേര്	എത്തിച്ചേരാനുള്ള റോഡ്	കുടുംബങ്ങൾ എണ്ണം	കുടുംബാംഗങ്ങളുടെ എണ്ണം	വാർഡ്
41.	ഷാരത്തുകുന്ന്	പുഞ്ചപ്പാടം റോഡ്	34	132	10
42.	മുഞ്ഞപ്പാറ	പുഞ്ചപ്പാടം റോഡ്	7	31	10
43.	കയ്പത്തൊടി	ശ്രീകൃഷ്ണപുരം റോഡ്	10	43	10
44.	മമ്പള്ളിക്കളംപടി	ശ്രീകൃഷ്ണപുരം റോഡ്	5	18	10
45.	മനയ്ക്കൽതൊടി	തലയണക്കാട്	8	27	9
46.	തൂവ്വക്കാട്	തലയണക്കാട്	9	36	9
47.	അമ്പലപ്പറമ്പ്	തലയണക്കാട്	5	20	9
48.	ചേനമ്പറ്റപള്ളിയാൽ	തലയണക്കാട്	8	29	9
49.	താങ്ങോട്ട്പടി	തലയണക്കാട്	8	26	9
50.	പാർളിപ്പടി	മംഗലാംകുന്ന്	12	46	11
51.	കുന്നുംപുറം	മംഗലാംകുന്ന്	17	66	11
52.	വാരിപ്പള്ളിയാൽ	മംഗലാംകുന്ന്	5	16	11
53.	പുല്ലാട്ടുകുഴി	മംഗലാംകുന്ന്	7	26	12
54.	പുളിഞ്ചിറപ്പടി	മംഗലാംകുന്ന്	5	21	12
55.	കാവുങ്ങൽതൊടി	മംഗലാംകുന്ന്	7	25	12
56.	താനുള്ളിപറമ്പ്	മംഗലാംകുന്ന്	8	34	12
57.	ചെറുമിറ്റത്തൊടി	ചന്തപ്പുര- പാററോഡ്	8	46	13
58.	മഠത്തിൽതൊടി	ചന്തപ്പുര- പാററോഡ്	16	62	13
59.	ചന്തക്കുന്ന്	ചന്തപ്പുര- പാററോഡ്	5	18	14
60.	നാലുസെന്റ് (ലക്ഷംവീട്)	ചന്തപ്പുര- നാലുസെന്റ്	5	19	14
61.	മാടായിത്തൊടി	ഹൈസ്കൂൾ റോഡ്	12	34	14
62.	കാനാട്ടുതൊടി	മണ്ണാർക്കാട് റോഡ്	16	72	14

പട്ടിക 1.20 ജലസേചന ജലവൈദ്യുത സംവിധാനങ്ങൾ – മനുഷ്യ നിർമ്മിതം

ക്രമ നമ്പർ	തരങ്ങൾ	എണ്ണം /വിസ്തൃതി	പരിപാലന സമിതി
1.	ഡ്രെയിനേജ്	6	
2.	ജലസേചന ജല കനാലുകൾ	6	
3.	OD കിണറുകൾ	1438	
4.	കുഴൽ കിണറുകൾ	232	
5.	അണക്കെട്ടുകൾ	0	

പട്ടിക 1.21 പ്രകൃതി ദത്ത ജലാശയങ്ങൾ

ക്രമ നമ്പർ	തരങ്ങൾ	പേര്, സ്ഥലം	പൊതു/ സ്വകാര്യം	വാർഡ്	നീളം	
1.	നദികൾ	കരിമ്പുഴ		3,4,1,2	6 കീ.മി	
		തുപ്പനാട്		5,6,7	4½.കീ.മി	
2.	തോടുകൾ	വെങ്കൽപാടം തോട്		12,13	1½.കീ.മി	
		കുണ്ടൻപ്പാടം		12	600 മീ	
		ആയമ്പള്ളിതോട്		6	2 കീ.മി	
		കൂത്തത്ത്തോട്		6	1 കീ.മി	
		പുളിനെല്ലിതോട്		6,5	2 കീ മി	
		ഉറവ്കുണ്ട്തോട്		6	½.കീ.മി	
		കാഞ്ഞിരംപാറതോട്		4,5	2 കീ മി	
		ചെറിയപാടം തോട്		4,5	2 കീ മി	
		പുഞ്ചപ്പാടം തോട്		8,9.,10	3 കീ മി	
		പാർത്തല തോട്		8,10	2 കീ മി	
		അടുവക്കാട് തോട്		10	½.കീ.മി	
		ചിറതോട്		11	500 മീ	
		നീലമംഗലം തോട്		6,7	2 കീ മി	
		കൂടത്തിങ്കൽ തോട്		1,2	2 കീ മി	
		വളാങ്കരതോട്		1,2	1 കീ മി	
		വടക്കിരിക്കുന്ന് തോട്		2	500 മീ	
		പൊണ്ണൻകല്ല് തോട്		1	1 കീമി	
		മലംകുന്ന് തോട്		1	2 കീ മി	
		ചോലകുണ്ട് തോട്		1	1 കീ മി	

പട്ടിക 1.21 പ്രകൃതി ദത്ത ജലാശയങ്ങൾ

ക്രമ നമ്പർ	തരങ്ങൾ	പേര്, സ്ഥലം	പൊതു/ സ്വകാര്യം	വാർഡ്	നീളം	
		ചേപ്പോട് തോട്		1	3കീ മി	
		അമ്പാഴപുള്ളിതോട്		3	1½.കീ.മി	
		തോട്ടിങ്ങൽ		4	1 കീ.മി	
		രാംപാടം തോട്		2	1 കീ.മി	
		പുനത്തിൽപടി തോട്		2	2 കീ മി	
		വെട്ടിക്കുഴിതോട്		8	1 കീ മി	
		പച്ചായിതോട്		6	1 കീ മി	
3.	കായൽ	ഇല്ല				
4.	കുളങ്ങൾ	ചങ്ങൻകുളം		1	30സെന്റ്	
		പുലിക്കോട്ടിൽകുളം		1	4സെന്റ്	
		അലറികുളം		1	2സെന്റ്	
		മംഗലത്ത്കുളം		2	5സെന്റ്	
		പുളിക്കൽകുളം		2	3 സെന്റ്	
		അഞ്ചാലിക്കൽ		2	10സെന്റ്	
		പുലിയകുളം		14	15സെന്റ്	
		അഞ്ചാലിക്കൽകുളം		2	2 സെന്റ്	
		പുത്തൻകുളം		2	2 സെന്റ്	
		മംഗലംകുളം		2	1½സെന്റ്	
		മണ്ണായികുളം		3	3 സെന്റ്	
		വേലികുളം		3		
		ശങ്കരത്ത്കുളം		2	3 സെന്റ്	
		അമിറ്റതൊടി		2	8 സെന്റ്	
		മൂർത്തിയേടത്ത് മന		2	5 സെന്റ്	
		ശിവക്ഷേത്രകുളം		2	30 സെന്റ്	
		മൂർത്തിയേടത്ത് മന		1	4 സെന്റ്	
		ശിവക്ഷേത്രകുളം		2	50 സെന്റ്	
		മൂർത്തിയേടത്ത് മന		2	9 സെന്റ്	
		ശിവക്ഷേത്രകുളം		2	10 സെന്റ്	
		നക്കാംകുളം		10	1 ഏക്കർ	
		മമ്പള്ളികുളം		10	50സെന്റ്	

പട്ടിക 1.21 പ്രകൃതി ദത്ത ജലാശയങ്ങൾ

ക്രമ നമ്പർ	തരങ്ങൾ	പേര്, സ്ഥലം	പൊതു/ സ്വകാര്യം	വാർഡ്	നീളം	
	കുളങ്ങൾ					
		മുണ്ടേകുളം		8	50സെന്റ്	
		പുളയരങ്ങികുളം		9	10 സെന്റ്	
		പുത്തൻവീട്		9		
		കുളമൂഴികളം		7	10 സെന്റ്	
		തലയണക്കാട് കുളം		9	ഒന്നരഏക്കർ	
		പുത്തൻകുളം		9	10 സെന്റ്	
		മല്ലിശ്ശേരികുളം		9	5 സെന്റ്	
		മുണ്ടൻകുന്ന്കുളം		9	5 സെന്റ്	
		പള്ളിപ്പുറംകുളം		9		
		കൊറ്റിയോട്ടിൽകുളം		11	ഒന്നരഏക്കർ	
		എറക്കാട്ടിൽകുളം		9	ഒന്നരഏക്കർ	
		പുത്തൻകുളം		8		
		കാട്ടിലെപുരക്കൽകുളം		8	5 സെന്റ്	
		കാവിലെകുളം		8	5 സെന്റ്	
		ഉമ്മൻതോണികുളം		8	10 സെന്റ്	
		പൂവ്വണികുന്ന് കുളം		8	5 സെന്റ്	
		കുളങ്കരതൊടി		8	5 സെന്റ്	
		പറമ്പോട്ടിൽ		8	1 സെന്റ്	
		ദേവസ്വംകുളം		8	1 സെന്റ്	
		അയ്യപ്പക്ഷേത്ര കുളം		4		
		മമ്പള്ളിപ്പള്ളിയാലിൽകുളം		10	10 സെന്റ്	
		പുഞ്ചപ്പാടംകുളം		10	1 ഏക്കർ	
		തരുവറപള്ളിയാലിൽ		10	5 സെന്റ്	
		വെമ്പ്രങ്ങാട്ട് കുളം		8		
		വെട്ടിക്കുഴികുളം		8	5 സെന്റ്	
		മലപ്പുറംകുളം		7	1 ഏക്കർ	
		കോളശ്ശേരി		7		
		തണ്ണിയാല കാറി		7		
		കല്ലുംപറമ്പ് കാറി		7		
		മേക്കോട് കുളം		7		
		പുളിക്കിലെ കുളം		7		

പട്ടിക 1.21 പ്രകൃതി ദത്ത ജലാശയങ്ങൾ

ക്രമ നമ്പർ	തരങ്ങൾ	പേര്, സ്ഥലം	പൊതു/ സ്വകാര്യം	വാർഡ്	നീളം	
	കുളങ്ങൾ	അയ്യൻകോവിൽകുളം		7		
		ഷാരുകോവിൽ		7		
		8 ഏക്കർ കാറി കുളം		7		
		ഉഴുന്നു കാറി കുളം		7		
		നെടുംപുള്ളി കുളം		7		
		കൈപ്പംചേരി		7		
		കയറംകുഴി		6	½.ഏക്കർ	
		ആയമ്പള്ളികുളം		6		
		പച്ചായിൽ കുളം		6	½.ഏക്കർ	
		പൂഴിയപറമ്പ്കുളം		6	½.ഏക്കർ	
		മാടമ്പികുളം		6	½.ഏക്കർ	
		കളത്തിൽകുളം		6	½.ഏക്കർ	
		രാമപുരം ക്ഷേത്രംകുളം		5	5 സെന്റ്	
		ചൊക്കത്ത് വാതംകൊല്ലികുളം		5	4 സെന്റ്	
		ചെക്കോട് കുളം		5	5 സെന്റ്	
		പുത്തകുളം		5	2 സെന്റ്	
		പെരിഞ്ചിറകുളം		5	1 സെന്റ്	
		ലക്ഷ്മിനാരായണമഠംകളം		5	2 സെന്റ്	
		പുത്തൻവീട് കുളം		5	1 സെന്റ്	
		കരികുളം		8		
		വാക്കയിൽകുളം		8		
		കുത്തൻകുഴി		8		
		പുളിഞ്ചിറക്കുളം		8		
		നെടിയേടത്ത്മനക്കുളം		8		
		പാണേക്കാട് മനക്കുളം		8		
		പെരുമനക്കുളം		8		
		നെടിയോടത്ത്കുളം		8		
		ചന്തക്കുളം		13	10 സെന്റ്	
		കരുവാൻകുളം		13	5 സെന്റ്	
		മൂലംകുളം		13	3 സെന്റ്	
